പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4561 — 13.11.2019- ൽ മറുപടിക്ക്

**മീനച്ചിലാറിനു കുറുകെ കിടങ്ങൂർ കാവാലിപ്പുഴ തൂക്കുപാലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. **മോൻസ് ജോസഫ്** : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കിടങ്ങൂർ കാവാലിപ്പുഴ തൂക്കുപാലം മീനച്ചിലാറിനു കുറുകെ നിർമ്മിക്കുന്നതിന് കെൽ തയ്യാറാക്കി നൽകിയ പ്രോജക്റ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) & (സി) & (ഡി) | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിനു കുറുകെ കിടങ്ങൂർ - കാവാലിപ്പുഴ തൂക്കുപാലത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ഒന്നും തന്നെ ഉൾപ്പെടുത്തി കാണുന്നില്ല. പൊതുമരാമത്തു വകുപ്പിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) 2019-2020 ബജറ്റിൽ വാല്യം II പേജ് നം.33 ൽ 697-ാം വർക്കായി ഈ പദ്ധതിക്ക് നാൽപ്പത് ലക്ഷം രൂപ വകയിരുത്തിയെങ്കിലും സർക്കാർ അനുമതി വൈകുന്നതിനുള്ള കാരണം അറിയിക്കാമോ; | | |
| (സി) ഈ വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ചീഫ് എഞ്ചിനീയർ പ്രോജക്റ്റ് II--ന് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അക്കാര്യം സൂചിപ്പിച്ച് സ്ഥലം | | |

എം.എൽ.എ .നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ